## ശ്രദ്ധിക്കാനുള്ളത്

അദ്ധ്യാപകന്റെ മുമ്പിൽ വെച്ചല്ല ഈ പഠനം. അതിനാൽ നല്ല ശ്രദ്ധയും പരിശീലനവും സ്വന്തം നിലക്ക് ആവശ്യമാണ്.

പാരമ്പര്യരീതി ഒഴിവാക്കി പുതിയ രീതിയാണ് മെത്തേഡായി സ്വീകരിച്ചത്. പഠനപുരോഗതി ഉദ്ദേശിച്ചാണ് അങ്ങനെ ചെയ്തത്.

സാധാരണ രണ്ട് വർഷം കൊണ്ട് സാധിക്കുന്ന ഫലമാണ് കുറഞ്ഞ കാലം കൊണ്ട് ഈ പഠനത്തിലൂടെ ഉന്നം വെക്കുന്നത്. അതിനാൽ പഠിതാവിന്റെ ശ്രദ്ധ ഏറെ ആവശ്യമാകുന്നു.

അക്ഷരങ്ങളുടെ എഴുത്തു രീതി മനസ്സിലാക്കാൻ ‘എഴുതുന്ന രൂപം’ വേറെ തന്നെ കൊടുത്തിട്ടുണ്ട്. കമ്പ്യൂട്ടർ സ്ക്രീൻ ആവശ്യത്തിന് സൂം ചെയ്തുനോക്കുക.

പഠനത്തിന് പുറമെ മനസ്സിൽ തോന്നുന്ന വാക്കുകൾ അറബിയിൽ എഴുതി പഠന പുരോഗതിക്ക് വേഗം കൂട്ടാവുന്നതാണ്.

വിദേശങ്ങളിൽ അറബിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യാനിടയുള്ളവർക്ക് ഈ പഠനം തങ്ങളുടെ ജോലിക്ക് സഹായകമാകുന്നതാണ്.

പാഠത്തിൽ കൊടുത്തിട്ടുള്ള ഓരോ വാക്കിനെയും ആദ്യം നന്നായി പരിചയപ്പെടുക. അതിനു ശേഷമേ എഴുതി തുടങ്ങാവൂ.

പാഠങ്ങൾക്ക് ശേഷം കൊടുത്തിട്ടുള്ള പരിശീലന മാതൃകകൾ ചെയ്യാൻ പരമാവധി ശ്രമിക്കുക. അതിലാണ് കൂടുതൽ ഫലം ഉണ്ടാകുക.

സമിതി